**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 927** **14-10-2026-ൽ മറുപടിയ്ക്ക്**

**എറണാകുളം നഗരത്തിലെ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. ടി. ജെ. വിനോദ് ശ്രീ. മോൻസ് ജോസഫ്

(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

**(എ)** കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ എത്ര സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ (എസ്.ടി.പി.) എറണാകുളം നഗരത്തിൽ ആരംഭിച്ചുവെന്നും അതിൽ എത്ര എണ്ണം കമ്മീഷൻ ചെയ്തുവെന്നും ഏതൊക്കെ ഫണ്ട് ഉപയോഗിച്ചാണ് അവയുടെ നിർമ്മാണം നടത്തുന്നത് എന്നും വിശദമാക്കാമോ;

**മറുപടി:** കൊച്ചി സർക്കിൾ കാര്യാലയത്തിന്റെ കീഴിൽ AMRUT പദ്ധതിയിൽ ഉൾപ്പെടുത്തി എളംകുളത്ത് 5MLD ശേഷിയുള്ള STP യുടെ പ്രവൃത്തി പൂർത്തീരിച്ചിട്ടുണ്ട്.

**(ബി)** പ്രസ്തുത പ്ലാന്റുകൾ ടെൻഡർ ചെയ്തപ്പോൾ അംഗീകരിച്ച ഡിസൈൻ അനുസരിച്ച് ട്രീറ്റ്മെന്റ് ക്വാളിറ്റിയും ക്വാണ്ടിറ്റിയും എത്രയാണ് എന്ന് വിശദമാക്കാമോ;

**മറുപടി:** ടെൻഡർ ചെയ്ത സമയത്തെ ഡിസൈൻ പ്രകാരം Sewage Treatment Plant-ന്റെ (STP) ശേഷി 5 MLD ആയിരുന്നു. Central Pollution Control Board (CPCB) നിഷ്കർഷിച്ച താഴെപ്പറയുന്ന ഗുണനിലവാര മാനദണ്ഡങ്ങൾ പാലിക്കുന്നതിനുള്ള വ്യവസ്ഥകളോടെയാണ് ടെൻഡർ ക്ഷണിച്ചിരുന്നത്.

| Sl. No | Parameter | Limit | Unit |
|---|---|---|---|
| 1 | COD | 100 | Mg/lt |
| 2 | BOD | <10 | Mg/lt |
| 3 | TSS | 30 | Mg/lt |
| 4 | Total Nitrogen (as N) | 10 | Mg/lt |
| 5 | Total Phosphorous (as P) | <2 | Mg/lt |
| 6 | pH | 6 to 9 | |

**(സി)** ഇവയിൽ എത്ര സെപ്റ്റേജ് ട്രീറ്റ്മെന്റ് സിസ്റ്റം ഉണ്ടെന്നും അവ പി.സി.ബി ക്വാളിറ്റി അനുസരിച്ച് എത്ര അളവ് മാലിന്യം ട്രീറ്റ് ചെയ്ത പുറം തള്ളുന്നു എന്നും അറിയിക്കാമോ;

**<u>മറുപടി:</u>** അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി സെപ്റ്റേജ് ട്രീറ്റ്മെന്റിനു വേണ്ടി ഒരു Co-Treatment Unit പൂർത്തീകരിച്ചു. Trial run നടന്ന് കൊണ്ടിരിക്കുന്നു.

**(ഡി)** ഈ പദ്ധതിയിൽ സാധാരണ പൈപ്പ് ലൈൻ വരുന്നത് എത്ര ആഴത്തിലാണ്, മാൻ ഹോൾ ഡിസൈൻ അളവുകൾ എത്രയാണ് എന്ന് അറിയിക്കാമോ; കൊച്ചി പോലുള്ള വെള്ളക്കെട്ട് ഉള്ള സ്ഥലങ്ങളിൽ ഈ അളവുകളിൽ തന്നെ നിർമ്മാണം നടത്തിയാൽ പണി പൂർത്തി ആകുമ്പോൾ അവ പൂർണ്ണ വിജയം ആകുമെന്ന് വിലയിരുത്തിയിട്ടുണ്ടോ;

**<u>മറുപടി:</u>** വീടുകൾ ഉൾപ്പെടെയുള്ള എല്ലാ സ്വീവേജ് കളക്ഷൻ പോയിന്റുകളിൽ നിന്നും CPHEEO മാന്വൽ പ്രകാരമുള്ള മിനിമം സ്ലോപ്പ് ലഭ്യമാകത്തക്കവണ്ണമാണ് സ്വീവേജ് കളക്ഷൻ നെറ്റ്വർക്ക് ഡിസൈൻ ചെയ്യാറുള്ളത്. അതനുസരിച്ച് ഓരോ സ്ഥലങ്ങളിലും സ്വീവേജ് ലൈനിന്റെ ആഴം വ്യത്യസ്തമായിരിക്കും. വെള്ളക്കെട്ട് ഉള്ള സ്ഥലങ്ങളിൽ CPHEEO മാന്വൽ പ്രകാരമുള്ള നിർമ്മാണം സാധ്യമാണ്.

**(ഇ)** പദ്ധതി വർക്കുകൾ ഒരു ടെക്നിക്കൽ ഓഡിറ്റിംഗിന് വിധേയമാക്കിയിട്ടുണ്ടോ; ഈ പ്രവർത്തികളിൽ നേരിട്ട് പങ്കെടുക്കാത്ത ഒരു ഏജൻസിയെ ഉപയോഗിച്ച് ടെക്നിക്കൽ ഓഡിറ്റിംഗ് നടത്തുന്നതിന് എന്തെങ്കിലും തടസ്സം ഉണ്ടോ; വിശദമാക്കാമോ?

**<u>മറുപടി:</u>** പ്രസ്തുത വർക്കുകൾ ടെക്നിക്കൽ ഓഡിറ്റിംഗിന് വിധേയമാക്കിയിട്ടില്ല. വേറെ ഒരു ഏജൻസിയെ ഉപയോഗിച്ച് ടെക്നിക്കൽ ഓഡിറ്റിംഗ് നടത്തുന്നതിന് തടസ്സം ഇല്ല.

**സെക്ഷൻ ഓഫീസർ**